## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം: T.4857 04.07.2012ൽ മറുപടിയ്ക്ക്

### വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ. കെ.വിജയൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| എ) | വിദ്യാഭ്യാസ വായ്പാ ഇൻഷ്വറൻസ് പ്രീമിയം വഹിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്ന് അറിയിക്കുമോ; | എ) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ബി) | മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് കൂടി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; | ബി) | മെറിറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃത മാർഗ്ഗനിർദ്ദേശം ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ (IBA) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനം ടി മാർഗ്ഗനിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നില്ല. ഇതു സംബന്ധിച്ച നയം നിശ്ചയിക്കാനുള്ള അധികാരം നിലവിൽ അതാത് ബാങ്കുകളിൽ നിക്ഷിപ്തമാണ്. മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനത്തിന് കൂടി ഒരു ഏകീകൃതനയത്തിന്റെ ആവശ്യകത കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

....2/-

| | | | |
|---|---|---|---|
| സി) | തീരദേശവാസികളായ വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഉണ്ട്. നിലവിൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുഖാന്തിരം അതാത് ബാങ്ക് മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. 23.5.2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ തീരദേശവാസികളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന കാര്യം ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ